**പതിനഞ്ചാം കേരള നിയമസഭ**

**ബുള്ളറ്റിൻ ഭാഗം-2**

**2023 മെയ് 11**

**നമ്പർ:385**

**ശ്രീ. രമേശ് ചെന്നിത്തല , എം.എൽ.എ. സമർപ്പിച്ച അവകാശലംഘന നോട്ടീസ് പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്തത് സംബന്ധിച്ച്**

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളന കാലയളവിൽ 2023 മാർച്ച് 15-ന് ബഹു. സ്പീക്കറുടെ ഓഫീസിന് മുന്നിൽ നടന്ന സംഘർഷത്തിൽ ശ്രീ. സനീഷ് കുമാർ ജോസഫ് എം.എൽ.എ, ശ്രീമതി കെ. കെ. രമ എം.എൽ.എ എന്നിവർക്ക് പരിക്ക് പറ്റിയെന്ന് മനസ്സിലായതോടെ അഡീഷണൽ ചീഫ് മാർഷൽ ശ്രീ.മൊയ്തീൻ ഹുസൈൻ , സർജന്റ് അസിസ്റ്റന്റ് ശ്രീമതി .ഷീന എന്നിവർ ബഹു.അംഗങ്ങൾക്കെതിരെ വ്യാജ ആക്ഷേപം ഉന്നയിച്ച് പരാതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ . റോജി എം. ജോൺ, ശ്രീ. പി. കെ ബഷീർ, ശ്രീ. അൻവർ സാദത്ത്, ശ്രീ. ഐ.സി ബാലകൃഷ്ണൻ, ശ്രീ. അനൂപ് ജേക്കബ്, ശ്രീമതി കെ.കെ.രമ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾക്കെതിരെ ജാമ്യം ലഭിക്കാത്ത വകുപ്പുകൾ ചേർത്ത് മ്യൂസിയം പോലീസ് കേസെടുക്കുകയുണ്ടായെന്നും, എന്നാൽ മെഡിക്കൽ പരിശോധനയിൽ വനിതാ സർജന്റ് അസിസ്റ്റന്റിന്റെ കയ്യിൽ പൊട്ടലുണ്ടായതായി തെളിയിക്കാൻ കഴിഞ്ഞിട്ടില്ലെന്നും, ഇപ്രകാരം അംഗങ്ങൾക്കെതിരെ വ്യാജ ആരോപണമുന്നയിച്ച അഡീഷണൽ ചീഫ് മാർഷൽ ശ്രീ. മൊയ്തീൻ ഹുസൈൻ, സർജന്റ് അസിസ്റ്റന്റ് ശ്രീമതി ഷീന എന്നിവർക്കെതിരെയും, ബഹു. സ്പീക്കറുടെ അനുമതിയില്ലാതെ അംഗങ്ങൾക്കെതിരെ ജാമ്യമില്ലാത്ത വകുപ്പുകൾ ചുമത്തി കേസ് രജിസ്റ്റർ ചെയ്ത മ്യൂസിയം പോലീസ് സ്റ്റേഷനിലെ എസ്.ഐ ശ്രീ. ജിജുകുമാർ. പി.ഡി. ക്കെതിരെയും അവകാശലംഘനത്തിനുള്ള നടപടി സ്വീകരിക്കണമെന്ന് കാണിച്ച് ശ്രീ. രമേശ് ചെന്നിത്തല , എം.എൽ.എ. നൽകിയ നോട്ടീസ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് പരിശോധനയ്ക്കും അന്വേഷണത്തിനും റിപ്പോർട്ടിനുമായി ബഹു. സ്പീക്കർ, പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് 06.05.2023-ന് റഫർ ചെയ്തിരിക്കുന്നു.

എ. എം. ബഷീർ,
സെക്രട്ടറി.